**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 948** **29-06-2026-ൽ മറുപടിയ്ക്ക്**

**കുറ്റിക്കടവിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള പാലം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കുന്നമംഗലം മണ്ഡലത്തിൽ മാവൂർ പഞ്ചായത്തിൽ കുറ്റിക്കടവിലെ ചെറുപുഴയ്ക്ക് കുറുകെയുള്ള പാലം സുഗമമായ ഗതാഗതത്തിന് അനുയോജ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

**(ബി)** പ്രസ്തുത പാലത്തിന് പകരം വീതി കൂടിയ പാലം നിർമ്മിക്കണമെന്ന നാട്ടുകാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പുതിയ പാലം നിർമ്മിക്കാൻ ആവശ്യമായ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** കുന്നമംഗലം നിയോജകമണ്ഡലത്തിലെ കുറ്റിക്കടവ് പാലത്തിന്റെ പുനർനിർമ്മാണത്തിന് ആവശ്യമായ Soil Investigation പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ₹1,020 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (PRICE ID: PWD/EST/4267/2026) തയ്യാറാക്കിയിട്ടുണ്ട്. ആയത് പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരികയാണ്. നിലവിൽ, ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 05.11.2025-ലെ G.O. (Rt) No. 1725/2025/PWD പ്രകാരം ₹50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

**(സി)** കുറ്റിക്കടവ് പാലം എന്നത്തേയ്ക്ക് യാഥാർത്ഥ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പ്രസ്തുത പ്രവൃത്തിക്കായി ഭരണാനുമതി ലഭ്യമായതിനു ശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് കരാറുകാരന് സൈറ്റ് കൈമാറിയാൽ 18 മാസം കൊണ്ട് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

**സെക്ഷൻ ഓഫീസർ**